# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 44 28.11.2018 ലെ മറുപടിയ്ക്ക്

## വോട്ടിംഗ് യന്ത്രത്തിനു പകരം പേപ്പർബാലറ്റ് സംവിധാനം

| | ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിംകുഞ്ഞ് | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| (എ) | രാജ്യത്ത് ഇനി മുതൽ നടക്കാൻ പോകുന്ന പാർലമെന്റിലേയ്ക്കും വിവിധ നിയമസഭകളിലേയ്ക്കും ഉള്ള തിരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രത്തിനു പകരം പഴയ രീതിയിലുള്ള ബാലറ്റ് പേപ്പർ ആക്കണമെന്ന ആവശ്യം ഏതെങ്കിലും പ്രധാന രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ? | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയകക്ഷികളുടെ അഭിപ്രായം ചീഫ് ഇലക്ടറൽ ഓഫീസർ ആരാഞ്ഞിട്ടുണ്ടോ ? | ഇല്ല. |
| (സി) | അടുത്തിടെ വോട്ടർമാർക്ക് വോട്ടിംഗ് യന്ത്രത്തിന്റെ വിശ്വാസ്യതയിൽ കോട്ടം വന്നിട്ടുള്ളതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കുമോ? | വോട്ടിംഗ് യന്ത്രത്തിൽ അവിശ്വാസം ഉന്നയിച്ച് ഏതെങ്കിലും റിപ്പോർട്ട് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് ലഭിച്ചിട്ടില്ല. ജനപ്രാതിനിധ്യ നിയമപ്രകാരം തിരഞ്ഞെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടുന്നത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടം, നിർദ്ദേശങ്ങൾ, നിയന്ത്രണം എന്നിവയ്ക്ക് അനുസൃതമായാണ്. ആയതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ